1. സി. എ. കുട്ടപ്പൻ.
2. സി. കെ. രാമൻ.

അഡ്വൈസ് ചെയ്ത 13 ഫാറസ്റ്റന്മാരെയും നിയമിച്ചെങ്കിലും അതിൽ ഒരാളുടെ നിയമനം അയാളുടെ ആവശ്യപ്രകാരം പബ്ലിക്ക് സർവീസ് കമ്മിഷൻ റദ്ദുചെയ്തിട്ടുണ്ട്. അയാളുടെ പേര് ചുവടെ ചേർത്തിരിക്കുന്നു.

എ. ഠി. ചാത്തൻ.

കീഴ്ർ ഗവണ്മെൻറ് പ്രൈമറി സ്കൂൾ.

276. [40] ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട കീഴ്ർ ഗവണ്മെൻറ് പ്രൈമറി സ്കൂളിൻറെ, അർജൻറായ പുതുക്കിപ്പണി നടപടികൾ എടുത്തുകഴിഞ്ഞുവോ ;

(ബി) പ്രസ്തുത പണിവക കായ്ങ്ങൾ എങ്ങനെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു ;

(സി) പണി പൂർത്തിയാക്കുവാൻ സമയനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എങ്ങനെ?

ഉത്തരം.

(എ) നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ബി) 3900 രൂപയുടെ എസ്റ്റിമേറ്റ് അനുവദിക്കുകയും ടെൻഡർ വിളിച്ച് പണി ഏൽപ്പിക്കുവാൻ എറണാകുളം ഡിവിഷനൽ എഡ്യൂക്കേഷൻ ആഫീസർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രത്യേക സമയനിർദ്ദേശം കൊടുത്തിട്ടില്ല. എത്രയും വേഗം പണി പൂർത്തിയാക്കുന്നതാണ്.

ഇലന്തൂർ മിഡിൽ പ്രൈമറിയും സ്കൂൾ.

277. [41] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി പ്രൈമറി സ്കൂൾ ഇൻസ്പെക്ടരുടെ കീഴിൽപ്പെട്ട ഇലന്തൂർ സക്കാർ മിഡിൽ ആൻഡ് പ്രൈമറി സ്കൂളിൽ ആവശ്യത്തിനു കെട്ടിടങ്ങളും, മറ്റുപകരണങ്ങളും ഇല്ലെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോഴുള്ള കെട്ടിടം അപകടനിലയിൽ എത്തിനിൽക്കുന്നു എന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സ്കൂൾ നടത്തിപ്പിനു് ആവശ്യമായ കെട്ടിടങ്ങൾ ഉണ്ടാക്കുകയും, ഇപ്പോഴുള്ള കെട്ടിടങ്ങൾ നന്നാക്കുകയും ചെയ്യുന്നതിനു് വേണ്ട നടപടി ഉടൻ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly